പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5454 25.10.2011- ൽ മറുപടിക്ക്

## ഐ.എൽ.ഡി.എം -ൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ വാഹീദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നടത്തിയിരുന്നുവോ; എങ്കിൽ എന്ന് നിയമനം നടത്തി; ആരെയൊക്കെയാണ് നിയമിച്ചതെന്നും അവരുടെ യോഗ്യതകളും വെളിപ്പെടുത്തുമോ; | (എ) | നിയമനം നടത്തിയിട്ടുണ്ട്. 19.10.2010 ൽ ഐ.എൽ.ഡി.എം/565/2010 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുകയും തുടർന്ന് 31.01.2011 ന് നടന്ന എഴുത്തു പരീക്ഷ, കമ്പ്യൂട്ടർ അഭിരുചി പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന, അഭിമുഖം എന്നിവയ്ക്കു ശേഷം സെലക്ഷൻ കമ്മിറ്റി മികച്ചവരായി കണ്ട 05 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഒന്നും, രണ്ടും റാങ്കുകാരെ നിലവിലുള്ള ഒഴിവുകളിൽ 01.03.2011 ലെ സ.ഉ(ആർ.റ്റി)നം. 1965/2011/ഡി.എം.ഡി ഉത്തരവ് പ്രകാരം നിയമിക്കുകയും ചെയ്തു. ശ്രീ. അമൽ രാജ്.എം, ശ്രീ. ഫൈസൽ. ടി. ഇലിയാസ് എന്നിവർക്കാണ് നിയമനം നൽകിയിട്ടുള്ളത്. യോഗ്യത സംബന്ധി ച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | 19.01.2010-ലെ ILDM/565/2010/E വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയിലേക്ക് എത്ര അപേക്ഷ ലഭിച്ചു; ആരിൽ നിന്നെല്ലാം; അവരുടെ പേരും വിലാസവും യോഗ്യതകളും വിശദമാക്കുമോ; | (ബി) | 22 അപേക്ഷകൾ ലഭിച്ചു. അവരുടെ പേരും, വിലാസവും, യോഗ്യതയും അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു; അസിസ്റ്റന്റ് പ്രൊഫസർ തസ്തിക താൽക്കാലിക/കരാർ നിയമനമാണോ, സ്ഥിരം നിയമനമാണോ എന്ന് വ്യക്തമാക്കുമോ; കരാർ നിയമനമാണെങ്കിൽ നിശ്ചിതവേതനത്തിന് പകരം ശമ്പള സ്കെയിൽ അനുവദിക്കാൻ കാരണമെന്ത്; | (സി) | ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1. ഡോ. നിവേദിത. പി. ഹരൻ ഐ.എ.എസ് അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ & ഡി.എം)<br>2. ഡോ. സോമൻ, മെമ്പർ, സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി ഓൺ റിവർ മാനേജ്മെന്റ് ഫണ്ട് (സെസ്സിൽ നിന്നും വിരമിച്ച വ്യക്തി)<br>3. ഡോ. ഡി. സജിത് ബാബു, അസിസ്റ്റന്റ് കമ്മീഷണർ (ലാന്റ് റവന്യൂ) |

| | | | |
|---|---|---|---|
| | | | 4. ഡോ. എസ്. രവീന്ദ്രൻ ഐ.എ.എസ് (ഡയറക്ടർ ഓഫ് സർവ്വെ ആന്റ് ലാന്റ് റിക്കോർഡ്സ്)<br>5. ഡോ. റൂബി എബ്രഹാം, ഫാക്കൽറ്റി (സിവിൽ), ഗവ:എഞ്ചിനിയറിംഗ് കോളേജ്, തിരുവനന്തപുരം)<br>അസിസ്റ്റന്റ് പ്രൊഫസർ തസ്തിക കരാർ നിയമനമാണ്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റി നിയമനം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായതിനാൽ ശമ്പളവും മറ്റ് അലവൻസുകളും കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരമാണ് അനുവദിച്ചി ട്ടുള്ളത്. |
| (ഡി) | ഒരു വർഷക്കരാർ നിയമനങ്ങൾക്ക് 6 മാസകാലാവധി പ്രൊബേഷൻ നിശ്ചയിച്ചത് നിയമാനുസരണമാണോയെന്ന് വ്യക്തമാക്കുമോ; | (ഡി) | അസിസ്റ്റന്റ് പ്രൊഫസർമാരുടെ പെർഫോർമൻസ് വിലയിരുത്തുന്നതിനു വേണ്ടിയിട്ടാണ് 6 മാസം പ്രൊബേഷൻ നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) | നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു? | (ഇ) | ഉണ്ട്. പ്രസ്തുത പരാതി സർക്കാർ വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനം നടത്തിയ വിദഗ്ധ കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ കഴിവും യോഗ്യതയും ശരിയായ രീതിയിൽ വിലയിരുത്തിയിട്ടാണ് നിയമനം നടത്തിയതെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു. കൂടാതെ നിയമനത്തെ സംബന്ധിച്ച് ലഭിച്ച പരാതി വ്യാജമാണെന്ന് സർക്കാർ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.